നം.ഇ.എൽ2(Spl.Cell)-11236/2025 ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം തീയതി 02-05-2025

# സർക്കുലർ

വിഷയം :- ആ.വ.ഡ-ആരോഗ്യവകുപ്പിൽ 01/01/2019 മുതൽ 31/12/2022 വരെ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നത് - സംബന്ധിച്ച്.

ആരോഗ്യ വകുപ്പിലെ **01/01/2019** മുതൽ **31/12/2022** വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ടി കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് സേവനത്തിൽ തുടരുന്ന ജീവനക്കാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രഫോർമ-**A** യിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ കൃത്യതയോടുകൂടി പൂരിപ്പിച്ച് സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

സ്ഥാപന മേധാവി ജീവനക്കാരൻ സമർപ്പിക്കുന്ന പ്രൊഫോർമ സേവനപുസ്തകവുമായി ഒത്തുനോക്കി രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന സർ ട്ടിഫിക്കറ്റോടുകൂടി **15/05/2025** ന് മുൻപായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ എത്തിക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർമാർ ജില്ലയിലെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന **Proforma -B** മാതൃകയിലുള്ള എക്സൽ ഷീറ്റിൽ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊഫോർമയിലെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും വിവരങ്ങൾ ഉൾപ്പെടുത്തിയ എക്സൽ ഷീറ്റ് ഇ-മെയിൽ **(essectiondhs@gmail.com)** വഴി ഈ സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതും സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച പ്രൊഫോർമകൾ **24/05/2025** ന് മുൻപായി തപാൽ മുഖേന ഈ ആഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

**Signed by Binu S**
**Date: 02-05-2025 10:36:57**
ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം

1. പ്രൊഫോർമ A & B

സ്വീകർത്താവ്

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
2. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ